# ആരോഗ്യ കേരളം

2022 ജൂലൈ

വാർത്താപത്രിക

AROGYAKERLAM NEWS LETTER

follow us on /arogyakeralam https://arogyakeralam.gov.in




## കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാം പുരോഗതിയുടെ പുതിയ അധ്യായം രചിക്കാം

ജൂലൈ 11 ലോക ജനസംഖ്യാ ദിനം

**കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകൾക്ക് നേട്ടം**

# രണ്ട് മെഡിക്കൽ കോളേജുകൾക്ക് ലക്ഷ്യ അംഗീകാരം

തിരുവനന്തപുരം: സംസ്ഥാനത്തെ രണ്ട് മെഡിക്കൽ കോളേജുകൾക്ക് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകൾക്കാണ് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചത്. ലേബർറൂം, മെറ്റേണൽ ഓപ്പറേഷൻ തീയറ്റർ എന്നിവയിൽ 96 ശതമാനം വീതം സ്കോറോടെയാണ് കോഴിക്കോട് മെഡിക്കൽ കോളേജിന് അംഗീകാരം ലഭിച്ചത്. ലേബർറൂം, മെറ്റേണൽ ഓപ്പറേഷൻ തീയറ്റർ എന്നിവയിൽ 87 ശതമാനം വീതം സ്കോറോടെയാണ് കോട്ടയം മെഡിക്കൽ കോളേജിന് അംഗീകാരം ലഭിച്ചത്. ലോകോത്തര നിലവാരത്തിലുള്ള പ്രസവ ചികിത്സ, അണുബാധ കുറയ്ക്കുക, പ്രസവ സമയത്തെ മെച്ചപ്പെട്ട സംരക്ഷണം, പ്രസവാനന്തര പരിചരണം, ഗുണഭോക്താക്കളുടെ സംതൃപ്തി, ലേബർ റൂമുകളുടേയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററുകളുടേയും ഗുണനിലവാരം എന്നിവയെല്ലാം സാധ്യമാക്കിയാണ് ലക്ഷ്യ അംഗീകാരം നേടിയെടുക്കാനായതെന്നും മന്ത്രി വ്യക്തമാക്കി.



> മറ്റ് മെഡിക്കൽ കോളേജുകളെക്കൂടി ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഗർഭിണികൾക്ക് മികച്ച ചികിത്സയും പരിചരണവും ഉറപ്പാക്കാനും മാതൃശിശു മരണ നിരക്ക് കുറയ്ക്കാനുമാണ് ലക്ഷ്യ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. ലക്ഷ്യ മാർഗ നിർദേശങ്ങളനുസരിച്ചുള്ള പരിശോധനകൾക്ക് ശേഷമാണ് ലക്ഷ്യ സർട്ടിഫിക്കേഷൻ നൽകുന്നത്. ലേബർ റൂമിൽ അഡ്മിറ്റ് ചെയ്യുന്നത് മുതൽ പ്രസവ ശേഷം വാർഡിൽ മാറ്റുന്നത് വരെ ഗർഭിണികൾക്ക് വേണ്ട സംരക്ഷണം ഉറപ്പ് വരുത്തുന്നു. ലക്ഷ്യ മാർഗനിർദേശങ്ങൾ അനുസരിച്ച് ലേബർ റൂമിലെയും ഓപ്പറേഷൻ തീയേറ്ററുകളുടേയും ഭൗതിക സാഹചര്യങ്ങൾ മികച്ചതാക്കുകയും ചെയ്തു. രോഗീ പരിചരണത്തിനാവശ്യമായ സംവിധാനങ്ങളും വർധിപ്പിച്ചു. അതിതീവ്ര പരിചരണം ആവശ്യമായ ഗർഭിണികൾക്ക് വെന്റിലേറ്റർ സൗകര്യങ്ങളോട് കൂടിയ ഐസിയു, ഹൈ ഡെപ്പന്റൻസി യൂണിറ്റ് എന്നിവ സജ്ജമാക്കി. ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ജീവനക്കാർക്ക് മതിയായ പരിശീലനവും നൽകിയിട്ടുണ്ട്.



സംസ്ഥാനത്ത് ആദ്യമായി ലക്ഷ്യ പദ്ധതി നടപ്പിലാക്കിയ ആശുപത്രിയാണ് കോഴിക്കോട് മെഡിക്കൽ കോളേജിലെ മാതൃശിശു സംരക്ഷണ കേന്ദ്രം. ഗർഭകാല ചികിത്സക്കും പ്രസവത്തിനും ഏറ്റവും കൂടുതൽ പേർ സമീപിക്കുന്ന ആശുപത്രി കൂടിയാണിത്. കോഴിക്കോടിന് പുറമേ മലപ്പുറം, വയനാട് ജില്ലകളിലുള്ള സങ്കീർണാവസ്ഥയിലുള്ള ഗർഭിണികളിൽ ഭൂരിപക്ഷം പേരും ഈ ആശുപത്രിയെയാണ് സമീപിക്കുന്നത്.

മധ്യകേരളത്തിൽ ഗർഭകാല ചികിത്സക്കും പ്രസവത്തിനും ഏറ്റവും കൂടുതൽ പേർ എത്തുന്ന ആശുപത്രിയാണ് കോട്ടയം മെഡിക്കൽ കോളേജ്. ലക്ഷ്യ പദ്ധതിയുടെ ഭാഗമായി മികച്ച ചികിത്സാ സൗകര്യങ്ങളാണ് കോട്ടയം മെഡിക്കൽ കോളേജിൽ സജ്ജമാക്കിയിരിക്കുന്നത്.

മറ്റ് മെഡിക്കൽ കോളേജുകളെക്കൂടി ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും മന്ത്രി പറഞ്ഞു.

## നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം സുസ്ഥിര വികസനത്തിന്റെ ഉദാഹരണം: ആരോഗ്യമന്ത്രി




ആദിവാസി വയോജനങ്ങൾക്കായുള്ള ഇ-ഹെൽത്ത് കാർഡിന്റെ വിതരണോദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ്ജ് ഡി.എം.ഒ കെ സക്കീനക്ക് നൽകി നിർവ്വഹിക്കുന്നു

വയനാട് : സമഗ്രവും സുസ്ഥിരവുമായ വികസനം എങ്ങനെ നടപ്പാക്കാമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രമെന്ന് ആരോഗ്യവും, വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. മെയ് 22ന് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും 'ഭൂമിക്കൊരു തണൽ' ആശമാർക്കുള്ള കിറ്റ് വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ആശുപത്രിയിൽ പുതുതായി പണികഴിപ്പിച്ച കൽമണ്ഡപം, ആദിവാസി ഗർഭിണികൾക്കായുള്ള പ്രസവപൂർവ്വ പാർപ്പിടം- പ്രതീക്ഷ, വനിതകൾക്കായുള്ള വിശ്രമകേന്ദ്രം, ഫിറ്റ്നസ് സെന്റർ, ജിംനേഷ്യ എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. കാനറാ ബാങ്കിന്റെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ഫിസിയോതെറാപ്പി വിഭാഗത്തിലേക്കുള്ള ലിഫ്റ്റിന്റെ ശിലാസ്ഥാപനവും സുൽത്താൻ ബത്തേരി അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ചുള്ള ഫുള്ളി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസറിന്റെ സ്വിച്ച് ഓൺ കർമ്മവും ആദിവാസി വയോജനങ്ങൾക്കായുള്ള ഇ-ഹെൽത്ത് കാർഡിന്റെ വിതരണവും ഫിസിയോ തെറാപ്പി യൂണിറ്റിലേക്കുള്ള നൂതന ഉപകരണങ്ങളുടെ സമർപ്പണവും ചടങ്ങിൽ നടന്നു.

ആദിവാസി വിഭാഗങ്ങളിലെ ഗർഭിണികൾക്കായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഷെൽട്ടർ ഹോമാണ് പ്രതീക്ഷ. ഗർഭിണികൾക്കും കുടുംബത്തിനും ഒന്നടങ്കം താമസിക്കാനുള്ള എല്ലാ സൗകര്യങ്ങളും പ്രതീക്ഷയിൽ ഒരുക്കിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ റിസ്ക് അനാലിസിസ് നടത്തി കണ്ടെത്തുന്ന ഗർഭിണികളെ 'പ്രതീക്ഷയിൽ പ്രസവ തീയതിക്ക് ഒരാഴ്ച മുമ്പ് എത്തിക്കും. 20 ലക്ഷം രൂപ ചിലവിലാണ് പ്രതീക്ഷയുടെ കെട്ടിടം നിർമിച്ചിരിക്കുന്നത്. ആദിവാസി ഗർഭിണികളിലെ വിളർച്ച തടയുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച താരാട്ട് പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്തു.

ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനായി നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് വകയിരുത്തിയ 10 ലക്ഷം രൂപ ചെലവിലാണ് ഫിറ്റ്നസ് സെന്റർ ആൻഡ് ജിം നിർമിച്ചിരിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ നിന്നും അഞ്ച് ലക്ഷം രൂപ വകയിരുത്തിയാണ് വാഷ് റൂം, റിലാക്സ് ഏരിയ, മുലയൂട്ടുന്ന അമ്മമാർക്കായി ഫീഡിങ് റൂം എന്നിവ ഉൾപ്പെടെയുള്ള വനിതാ വിശ്രമകേന്ദ്രം നിർമ്മിച്ചത്.

കുടുംബാരോഗ്യ കേന്ദ്രത്തിൽ എത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വിശ്രമിക്കുന്നതിനായി അഞ്ച് ലക്ഷം രൂപ ചിലവഴിച്ചാണ് കൽമണ്ഡപം നിർമിച്ചിരിക്കുന്നത്. സുൽത്താൻ ബത്തേരി അർബൻ കോ ഓപ്പറേറ്റീവ് ബാങ്കാണ് ഫുള്ളി ബയോകെമിസ്ട്രി അനലൈസർ നൽകിയത്.

കനറാ ബാങ്കിന്റെ സിഎസ്ആർ ഫണ്ടിൽ നിന്നും 13.50 ലക്ഷം രൂപ ഉപയോഗിച്ചാണ് ഫിസിയോ തെറാപ്പി യൂണിറ്റിലേക്കുള്ള ലിഫ്റ്റിന്റെ നിർമാണം. ഫിസിയോ തെറാപ്പി യൂണിറ്റിലേക്ക് പുതിയതായി വാങ്ങിയിട്ടുള്ള ആധുനിക ഉപകരണങ്ങളായ റോബോട്ടിക് ഹാൻഡ് മെഷീൻ മുതലായവ മന്ത്രി നാടിന് സമർപ്പിച്ചു. നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ 60 വയസിനു മുകളിൽ പ്രായമുള്ള ആദിവാസി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന എല്ലാ വയോജനങ്ങൾക്കും ഇ-ഹെൽത്ത് പെർമെനന്റ് കാർഡിന്റെ വിതരണോദ്ഘാടനവും ചടങ്ങിൽ നടന്നു.

**പകർച്ചവ്യാധി പ്രതിരോധം**

## മലപ്പുറത്ത് 16 ആധുനിക ഐസൊലേഷൻ ബ്ലോക്കുകൾ ഒരുങ്ങുന്നു

മലപ്പുറം: പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് കരുത്തേകാൻ ജില്ല സജ്ജമാകുന്നു. സാംക്രമിക രോഗങ്ങൾക്കെതിരെ പ്രതിരോധം ഊർജിതമാക്കുന്നതിനായി 16 ആശുപത്രികളിലായി ആധുനിക ഐസൊലേഷൻ ബ്ലോക്കുകൾ തയ്യാറാകുന്നു. രോഗപ്പകർച്ച തടയാനും രോഗികളെ തുടക്കത്തിൽ തന്നെ ഐസൊലേറ്റ് ചെയ്ത് ചികിത്സ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐസൊലേഷൻ ബ്ലോക്കുകൾ ഒരുക്കുന്നത്.

ആർദ്രം മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായാണ് ജില്ലയിൽ ഐസൊലേഷൻ ബ്ലോക്കുകൾ തയ്യാറാവുന്നത്. 30 കോടി രൂപ ചെലവിലാണ് പദ്ധതിയുടെ നിർമ്മാണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ, ജില്ലാശുപത്രികൾ എന്നിവിടങ്ങളിലായി 10 ബെഡുകൾ വീതമുള്ള ഐസൊലേഷൻ ബ്ലോക്കുകളാണ് സജ്ജമാക്കുന്നത്. പൊന്നാനി മാതൃശിശു ആശുപത്രി, സിഎച്ച്സി കരുവാരകുണ്ട്, സിഎച്ച്സി ഓമാനൂർ, സിഎച്ച്സി നെടുവ, സിഎച്ച്സി വളവന്നൂർ എന്നിവിടങ്ങളിൽ ഐസൊലേഷൻ വാർഡുകളുടെ ഫൗണ്ടേഷൻ പ്രവൃത്തി കഴിഞ്ഞു. സിഎച്ച്സി പെരുവള്ളൂർ, സിഎച്ച്സി താനൂർ, സിഎച്ച്സി തവനൂർ, സിഎച്ച്സി ചുങ്കത്തറ, സിഎച്ച്സി എടവണ്ണ, സിഎച്ച്സി മങ്കട എന്നീ സ്ഥാപനങ്ങളിലും ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. മറ്റിടങ്ങളിലും പ്രാരംഭ നടപടികൾ പൂർത്തികരിച്ച് നിർമ്മാണം പൂർത്തിയാക്കും.

(പേജ് മൂന്നിൽ തുടർന്നു വായിക്കുക)

# ക്ലബ്ബ് ഫൂട്ട് രഹിത സംസ്ഥാനമാകാൻ കേരളം



തിരുവനന്തപുരം: ലോക ക്ലബ്ബ്ഫൂട്ട് ദിനത്തോടനുബന്ധിച്ച് വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് ആരോഗ്യവകുപ്പ്. ഒരാഴ്ച നീണ്ടുനിന്ന പരിപാടികളാണ് സംസ്ഥാനത്തുടനീളം നടത്തിയത്.

സംസ്ഥാനതല ഉദ്ഘാടനം പ്രിൻസിപ്പൽ സെക്രട്ടറി രാജൻ എൻ ഖോബ്രഗഡെ ഓൺലൈനായി നിർവ്വഹിച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശത്തെ തുടർന്ന് ക്ലബ്ബ്ഫൂട്ട് രഹിത സംസ്ഥാനം യാഥാർത്ഥ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നേരത്തെ സംസ്ഥാനത്ത് ആരംഭിച്ചു കഴിഞ്ഞു. ക്ലബ് ഫൂട്ട്; ചികിത്സയും പരിചരണവും എന്ന വിഷയത്തിൽ നടന്ന ചർച്ച ഡോ. എം ശ്രീഹരി, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ, ഡോ. എം ശബരി ശ്രീ, ഓർത്തോപിഡിക്സ് അഡീ. പ്രൊഫസർ എംസിഎച്ച് തിരുവനന്തപുരം, ഡോ. സന്തോഷ് ജോർജ്ജ്, ക്യുർ ഇന്റർനാഷണൽ ഇന്ത്യ ഡയറക്ടർ എന്നിവർ നയിച്ചു.

വാരാചരണത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ വ്യത്യസ്തങ്ങളായ പരിപാടികൾ നടന്നു. ക്ലബ്ബ് ഫൂട്ട് ബാധിച്ച കുട്ടികളുടെയും രക്ഷിതാക്കളുടെയും ഒത്തുചേരൽ, സ്ക്രീനിങ്ങ്, മറ്റ് ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ നടന്നു.

### എറണാകുളത്ത് മൂന്ന് ക്ലബ് ഫൂട്ട് ക്ലിനിക്കുകൾ

എറണാകുളം: ലോക ക്ലബ്ബ് ഫൂട്ട് ദിനത്തോടനുബന്ധിച്ച് ജില്ലയിൽ മൂന്ന് ക്ലബ്ബ് ഫൂട്ട് ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചു. മൂവാറ്റുപുഴ ജനറൽ ആശുപത്രി, ആലുവ ജില്ലാ ആശുപത്രി, കളമശ്ശേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് ക്ലിനിക് ആരംഭിച്ചത്. ക്ലബ്ബ് ഫൂട്ട് രഹിത കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് ക്ലിനിക്കുകൾ ആരംഭിച്ചത്.

മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ബുധനാഴ്ചയും കളമശ്ശേരി മെഡിക്കൽ കോളേജിൽ വ്യാഴാഴ്ചയും ആലുവ ജില്ലാശുപത്രിയിൽ വെള്ളിയാഴ്ചയുമാണ് ക്ലിനിക് പ്രവർത്തിക്കുന്നത്. രാവിലെ ഒമ്പത് മണി മുതൽ ഉച്ച ഒരു മണി വരെയാണ് പ്രവർത്തന സമയം.

### എന്താണ് ക്ലബ്ഫൂട്ട്?

കുഞ്ഞുങ്ങളുടെ പാദത്തിനും കാൽവണ്ണക്കും കാൽവിരലുകൾക്കും ജന്മനാ ഉണ്ടാകുന്ന വൈകല്യമാണ് ക്ലബ്ഫൂട്ട്. ക്ലബ്ഫൂട്ട് ജനന സമയത്ത് തന്നെ തിരിച്ചറിയാൻ സാധിക്കും. കൃത്യമായ ചികിത്സയിലൂടെ വൈകല്യം പൂർണമായും ഇല്ലാതാക്കാം.

### ചികിത്സ എങ്ങനെയൊക്കെ?

രണ്ട് ഘട്ടങ്ങളാണ് ക്ലബ്ഫൂട്ട് ചികിത്സക്കുള്ളത്.

**1. പ്ലാസ്റ്റർ കാസ്റ്റ്**

രണ്ട് മുതൽ നാല് മാസം വരെയാണ് ഇതിന്റെ കാലയളവ്. പ്ലാസറ്ററിടുന്നത് ഡോക്ടറാണ്. കാൽ വിരലുകൾ മുതൽ ഇടുപ്പുവരെയാണ് പ്ലാസ്റ്റർ ഇടുന്നത്. ഇതുമൂലം ചുരുങ്ങിക്കിടക്കുന്ന മാംസപേശികൾ വലിഞ്ഞ് ശരിയായ ദിശയിൽ എത്തിച്ചേരും. ഒന്നോ രണ്ടോ ആഴ്ച കൂടുമ്പോൾ പ്ലാസ്റ്റർ മാറ്റി പുതിയത് ഇടേണ്ടതാണ്. മിക്ക കുട്ടികളിലും ആറ് മുതൽ എട്ട് പ്ലാസ്റ്റർ വരെ വേണ്ടിവരും.

### പ്ലാസ്റ്റർ കാസ്റ്റ് ധരിച്ചിരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ?

1. പ്ലാസ്റ്റർ വൃത്തിയായും നനവുതട്ടാതെയും സൂക്ഷിക്കുക
2. കുഞ്ഞിനെ കുളിപ്പിക്കുമ്പോൾ പ്ലാസ്റ്ററിനകത്ത് വെള്ളം കയറാതെ സൂക്ഷിക്കുക
3. പ്ലാസ്റ്ററിൽ സോപ്പിന്റെ അംശം പറ്റിയാൽ ജലാംശം കളഞ്ഞ് പ്ലാസ്റ്റർ ഉണക്കിയെടുക്കുക
4. പ്ലാസ്റ്ററിൽ മൂത്രത്തിന്റെ അംശം പറ്റാതെ സൂക്ഷിക്കുക. ഇത് അണുബാധക്ക് ഇടയാക്കും
5. തണുപ്പുള്ള കാലാവസ്ഥയെങ്കിൽ പ്ലാസ്റ്ററിന് മുകളിലൂടെ സോക്സ് ധരിക്കാവുന്നതാണ്
6. കുഞ്ഞിന്റെ കാൽവിരലുകൾ ഇടക്കിക്കിടെ നിരീക്ഷിച്ച് അവ പിങ്ക് നിറത്തിലാണെന്ന് ഉറപ്പാക്കുക

### പ്ലാസ്റ്റർ ധരിച്ചാൽ ചികിത്സ തേടേണ്ട സന്ദർഭങ്ങൾ?

1. വിരലുകളിൽ വീക്കം, അമിതമായ തണുപ്പ്
2. പ്ലാസ്റ്ററിന്റെ അരികിൽ ചുവപ്പുനിറം, വ്രണം, ചൊറിച്ചിൽ, ദുർഗന്ധം
3. പ്ലാസ്റ്റർ ഊരി കീഴ്പ്പോട്ടിറങ്ങി വിരലുകൾ അകത്തോട്ട് കയറിയിരിക്കുക

**2. ബ്രേസ് (സ്പെഷ്യൽ ഷൂസ്)**

പ്ലാസ്റ്റർ ചികിത്സ പൂർണമാകുന്നതോടെ കുഞ്ഞിന്റെ കാലുകൾ നേരെയാകും. അതിന് ശേഷമാണ് സ്പെഷ്യൽ ഷൂസ് ധരിക്കേണ്ടത്. ഒരു ദണ്ഡ് ഉപയോഗിച്ച് ഷൂസുകളെ ബന്ധിപ്പിച്ചിരിക്കും. ഇത് പാദങ്ങളെ ശരിയായ ദിശയിൽ സൂക്ഷിക്കും. ഒരു പാദത്തിന് മാത്രമാണ് പ്രശ്നമുള്ളുവെങ്കിലും രണ്ട് പാദങ്ങളിലും സ്പെഷ്യൽ ഷൂസ് ധരിക്കണം. ഷൂസ് ഊരിമാറ്റുകയോ ദണ്ഡ് വളക്കുകയോ അരുത്. കുഞ്ഞിനെ ഷൂസ് ധരിപ്പിക്കുന്നത് മാതാപിതാക്കളുടെ കടമയാണ്. ശരിയായ രീതിയിൽ ഷൂസ് ധരിച്ചില്ലെങ്കിൽ വൈകല്യം വീണ്ടും ഉണ്ടായേക്കാം. ഷൂ ചികിത്സ തുടങ്ങി ആദ്യത്തെ മൂന്ന് മാസം കുളിക്കാനും വൃത്തിയാക്കാനുമുളള ഒരു മണിക്കൂർ ഒഴിച്ച് ബാക്കിയുള്ള 23 മണിക്കൂറും ധരിപ്പിക്കണം. മൂന്ന് മാസങ്ങൾക്ക് ശേഷം കുഞ്ഞ് ഉറങ്ങുന്ന സമയത്ത് മാത്രം ധരിപ്പിച്ചാൽ മതിയാകും. ഇത് കുഞ്ഞിന് 4-5 വയാസാകുന്നത് വരെ തുടരണം.

### സ്പെഷ്യൽ ഷൂസ് ധരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ?

1. ഷൂസ് ഇടുന്നതിന് മുമ്പ് ആവശ്യമെങ്കിൽ സോക്സ് ധരിപ്പിക്കാം
2. കുഞ്ഞിനെ മടിയിൽ ഇരുത്തുകയോ, മലർത്തി കിടത്തുകയോ ചെയ്ത് ഷൂസ് ധരിപ്പിക്കാം
3. ആദ്യം കൂടുതൽ വൈകല്യമുള്ള പാദത്തിൽ ഷൂസ് ധരിപ്പിക്കുക
4. ഷൂസിന്റെ ലെയ്സ് മുറുക്കിക്കെട്ടുക. അധികം മുറുക്കുകയും അരുത് കാലുകൾ മുകളിലേക്കും താഴേക്കും ചലിപ്പിച്ച് ഉപ്പൂറ്റി ഷൂസിന്റെ കീഴ്ഭാഗം വരെ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക. വിരലുകൾ മുന്നോട്ടും പിന്നോട്ടും ചലിക്കുന്നുണ്ടെങ്കിൽ ഉപ്പൂറ്റി താഴെ എത്തിയിട്ടില്ല എന്നർഥം. അപ്പോൾ ലെയ്സുകൾ കുറച്ചുകൂടി മുറുക്കുക
5. കാൽവിരലുകൾ അടിഭാഗത്തു കൂടി വിരൽ ഓടിച്ച് വിരലുകൾ മടങ്ങിയിട്ടില്ലെന്ന് ഉറപ്പുവരുത്തുക
6. ദണ്ഡ് ഒരുവിധത്തിലും വളയുവാൻ ഇടയാകരുത്
7. ഷൂസിട്ട രണ്ട് കാലുകളും ചേർത്ത് താഴോട്ട് ചവിട്ടാൻ കുഞ്ഞിനെ പ്രേരിപ്പിക്കുക
8. ഷൂസ് ശരിയായ രീതിയിലാണോ ധരിച്ചതെന്ന് ഉറപ്പുവരുത്തണം

# കുഞ്ഞുങ്ങൾ പാറി നടക്കട്ടെ... വൈകല്യങ്ങളെ ഭേദമാക്കാം



**‘ഇപ്പോൾ മോൾക്ക് രണ്ടര വയസ്സ് കഴിഞ്ഞു. അവൾ സാധാരണ കുട്ടികളെ പോലെ നടക്കുകയും ഓടുകയും ചാടുകയുംചെയ്യുന്നത് കാണുമ്പോൾ ഒരുപാട് സന്തോഷം തോന്നും’**

കോഴിക്കോട്: മുക്കം സ്വദേശികളായ ഷിജിന- അനീഷ് ദമ്പതികൾക്ക് ഇത് ആശ്വാസത്തിന്റെ നാളുകളാണ്. മകൾ ത്രേത ലക്ഷ്മി വീട്ടിനകത്തും മുറ്റത്തുമായി ഓടി നടക്കുന്നത് കാണുമ്പോൾ ഏവരുടെയും മുഖത്ത് സന്തോഷം നിറയും. കുഞ്ഞിനുണ്ടായ ക്ലബ്ബ്ഫൂട്ട് വൈകല്യത്തെ ചികിത്സയിലൂടെ ഭേദമാക്കിയതിന്റെ ആശ്വാസമാണത്.

2019 ആഗസ്റ്റ് ഏഴിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ വെച്ചായിരുന്നു കുഞ്ഞിന് ജന്മം നൽകിയത്. അന്ന് രാത്രി കുഞ്ഞിന്റെ കാൽപാദങ്ങൾ വളഞ്ഞിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. അതിനെ കുറിച്ച് അമ്മയോട് പറഞ്ഞപ്പോൾ അതെല്ലാം സാധാരണമാണ് ഉഴിഞ്ഞ് ശരിയാക്കലാണ് പതിവ് എന്ന് അറിയിച്ചു. എന്നാൽ ഷിജിനക്കും അനീഷിനും ഇതൊരു വൈകല്യമാണെന്ന സംശയം തോന്നി. പിറ്റേ ദിവസം ആർബിഎസ്കെയുടെ കീഴിലുള്ള വിസിബിൾ ബെർത്ത് ഡിഫക്ട്സ് (വിബി ഡി) പ്രകാരം കുറച്ച് നഴ്സുമാർ സ്ക്രീനിങ്ങിന്റെ ഭാഗമായി കുഞ്ഞിനെ പരിശോധിക്കുകയും കുഞ്ഞിന്റെ കാല്പാദങ്ങളിലുള്ള വളവുകൾ സാധാരണമല്ലെന്നും നിർബന്ധമായും ഓർത്തോ വിഭാഗത്തിൽ പരിശോധിക്കണമെന്നും അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അപ്പോൾ തന്നെ കുഞ്ഞിനെ ഓർത്തോ വിഭാഗത്തിൽ കൊണ്ടുചെന്നു. ഡോ. ആർ രവികുമാറിന്റെ നേതൃത്വത്തിലുള്ള സംഘം കുഞ്ഞിനെ വിശദമായി പരിശോധിച്ചതിൽ കുഞ്ഞിന് ക്ലബ് ഫൂട്ട് എന്ന വൈകല്യമാണെന്ന് തിരിച്ചറിഞ്ഞു. ട്രീറ്റ്മെന്റിലൂടെ ആ വൈകല്യം പൂർണ്ണമായും സുഖപ്പെടുത്താവുന്നതും ചികിത്സ മെഡിക്കൽ കോളേജിൽ സൗജന്യമായി ലഭിക്കുമെന്നും അവർ അറിയിച്ചു.

ജനിച്ചതിന്റെ മൂന്നാം ദിവസം തൊട്ട് തന്നെ ക്ലബ് ഫൂട്ടിനുള്ള ചികിത്സ തുടങ്ങി. ആദ്യത്തെ മൂന്ന് ആഴ്ചകളിൽ ഓരോ ആഴ്ച ഇടവിട്ട് കാലുകൾക്ക് പ്ലാസ്റ്റർ ഇട്ടു. ഒന്നര മാസങ്ങൾക്ക് ശേഷം ഒരു പ്രത്യേകം കമ്പിയോടു കൂടിയ ഷൂസ് ധരിക്കാൻ തുടങ്ങി. കാലുകൾ തമ്മിൽ അകന്ന് നിൽക്കാനും വിരലുകൾ തമ്മിൽ അടുത്ത് നിൽക്കാനുമാണ് ഈ ഷൂസ് ധരിച്ചത്. കുഞ്ഞ് നടക്കുന്നത് വരെ ഈ ഷൂസ് ഒട്ടും അഴിച്ചു വെക്കാതെ ഉപയോഗിച്ചു. മോൾ നടക്കാൻ തുടങ്ങിയതോടെ രാത്രിയും പകലും ഉറങ്ങുമ്പോൾ മാത്രം ധരിക്കാൻ തുടങ്ങി. പിന്നീട് കുറച്ച് കഴിഞ്ഞപ്പോൾ ടൈറ്റ് ആയ ചെരുപ്പുകൾ ഉപയോഗിച്ച് തുടങ്ങി. എന്നാൽ കുഞ്ഞ് വളർന്നു വരുന്നതിനനുസരിച്ച് വീണ്ടും വൈകല്യം തിരിച്ചു വരാന്നുള്ള സാധ്യതയുള്ളതിനാൽ ഷൂസ് ധരിക്കുന്നത് 5 വയസ്സ് വരെ തുടരാൻ ഡോക്ടർ നിർദ്ദേശിച്ചു. ഉറങ്ങുന്ന സമയങ്ങളിൽ മാത്രമാണ് ഷൂസ് ധരിപ്പിച്ചത്. ഓർത്തോ വിഭാഗത്തിൽ ക്ലബ് ഫൂട്ടിനായി ഒരു ക്ലിനിക് തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്.

‘ഇപ്പോൾ മോൾക്ക് രണ്ടര വയസ്സ് കഴിഞ്ഞു. അവൾ സാധാരണ കുട്ടികളെ പോലെ നടക്കുകയും ഓടുകയും ചാടുകയുംചെയ്യുന്നത് കാണുമ്പോൾ ഒരുപാട് സന്തോഷം തോന്നും’ ഷിജിന പറയുന്നു. തുടക്കത്തിൽ തന്നെ എന്റെ മോൾക്കുണ്ടായ വൈകല്യം കണ്ടെത്തി ചികിത്സ നൽകിയത് കൊണ്ട് വളരെ വേഗത്തിൽ തന്നെ കുഞ്ഞ് സാധാരണ നിലയിലായി. തെരെഞ്ഞെടുത്ത സർക്കാർ ആശുപത്രികളിൽ ക്ലബ്ഫൂട്ടിനുള്ള ചികിത്സ സൗജന്യമായി ലഭിക്കുന്നതാണ്. നമ്മുടെ കുഞ്ഞുങ്ങൾ പാറി നടക്കട്ടെ...

ക്ലബ്ബ് ഫൂട്ട് ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ പരിപാടികൾ














(പേജ് ഒന്ന് തുടർച്ച)



## മലപ്പുറത്ത് 16 ആധുനിക ഐസൊലേഷൻ ബ്ലോക്കുകൾ ഒരുങ്ങുന്നു

ഡോക്കേഴ്സ് റൂം, റിസപ്ഷൻ ഏരിയ, മരുന്നുകളും അനുബന്ധ വസ്തുക്കളും സൂക്ഷിക്കുന്നതിനായി സപ്ലൈ സ്റ്റോറും, ചേഞ്ചിങ് റൂം, എമർജൻസി പ്രൊജീസിയർ റൂം, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയാണ് ഐസൊലേഷൻ ബ്ലോക്കിൽ ഉണ്ടാവുക. രോഗിയുമായി നേരിട്ട് സമ്പർക്കം വരാതെ നിരീക്ഷിക്കാൻ കഴിയുന്ന തരത്തിലാണ് നഴ്സിങ് സ്റ്റേഷനുകൾ ക്രമീകരിക്കുക. ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വിശ്രമിക്കുന്നതിന് ശുചിമുറി സൗകര്യത്തോടെയുള്ള മുറിയും ഐസൊലേഷൻ വാർഡ് കെട്ടിടത്തിൽ ഒരുക്കിയിട്ടുണ്ട്. ബയോമെഡിക്കൽ മാലിന്യം തരംതിരിച്ച് കൈകാര്യം ചെയ്യുതിന് വേസ്റ്റ് സെഗ്രിഗേഷൻ യൂണിറ്റ്, എമർജൻസി എക്സിറ്റ് തുടങ്ങിയവയുമുണ്ടാകും.

രോഗിക്ക് പെട്ടെന്ന് ഉണ്ടായേക്കാവുന്ന രോഗമൂർച്ഛ നേരിടാനും രോഗിയെ സാധാരണ നിലയിലെത്തിക്കുന്നതിനുമായി എമർജൻസി റിഹാബിലിറ്റേഷൻ മുറി സജ്ജമാക്കും. സെൻട്രൽ സെക്ഷൻ മെഡിക്കൽ ഗ്യാസ് യൂണിറ്റാണ് മറ്റൊരു പ്രത്യേകത. ഓക്സിജൻ സിലിണ്ടർ മാറ്റാൻ വരുന്നവർക്ക് രോഗിയുമായി സമ്പർക്കം ഉണ്ടാകാതിരിക്കാൻ പുറത്തുനിന്നും കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിലാണ് ഇത് സജ്ജീകരിച്ചിരിക്കുന്നത്.

2400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബ്ലോക്കിന് ഉപകരണങ്ങൾ അടക്കം 1.81 കോടി രൂപയാണ് നിർമാണ ചെലവ്. ചുരുങ്ങിയ സമയത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കുന്ന പ്രീ ഫാബ് എൻജിനീയറിങ് സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. കെഎംസിഎല്ലിനാണ് നിർമ്മാണ ചുമതല. കൊവിഡ്, നിപ തുടങ്ങിയ രോഗങ്ങൾ ആരോഗ്യമേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുമ്പോൾ ഐസൊലേഷൻ ബ്ലോക്കുകൾ ഏറെ സഹായകരമാവും.

## മട്ടന്നൂരിന് ഊർജം പകരാൻ 'മാറ്റൊലി'




മാറ്റൊലിയുടെ ഭാഗമായി നടന്ന ഏകദിന ആരോഗ്യ ശിൽപശാല മട്ടന്നൂർ മൃഗാശുപത്രി കോൺഫറൻസ് ഹാളിൽ കെ കെ ശൈലജ ടീച്ചർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ: മട്ടന്നൂർ നിയോജക മണ്ഡലത്തിന് സമഗ്ര ആരോഗ്യ പദ്ധതിയുമായി 'മാറ്റൊലി'. ഇതിന്റെ ഭാഗമായി നടന്ന ഏകദിന ആരോഗ്യ ശിൽപശാല മട്ടന്നൂർ മൃഗാശുപത്രി കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ കെ കെ ശൈലജ ടീച്ചർ എംഎൽഎ ഉദ്ഘാടനം ചെയ്തു.

മണ്ഡലത്തിലെ ജനങ്ങളുടെ ശാരീരികവും മാനസികവുമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുക, ജനങ്ങളുടെ ഹെൽത്തി ആന്റ് ഹാപ്പി ലൈഫ് ഉറപ്പാക്കുക എന്നതാണ് മാറ്റൊലിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, മെഡിക്കൽ ഓഫീസർ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കും. ശേഷം വാർഡ് തലത്തിൽ വാർഡ് മെമ്പർ കവീനറായി ജെ എച്ച് ഐ, ജെ പി എച്ച് എൻ, ആശ, നിലവിലുള്ള ശുചിത്വ സമിതി എന്നിങ്ങനെ പരമാവധി ആളുകളെ ചേർത്ത് വാർഡ് കമ്മിറ്റികൾ രൂപീകരിക്കും. ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി ആശമാരെ നിയോഗിച്ച് സർവ്വേ നടത്തുകയാണ് പദ്ധതിയുടെ ആദ്യ ഘട്ടം.

സ്റ്റേറ്റ് എൻ സി ഡി നോഡൽ ഓഫീസർ ഡോ. വിപിൻ ഗോപാൽ സമഗ്ര ആരോഗ്യ പദ്ധതിയുടെ രൂപരേഖ വിവരിച്ചു. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് നോഡൽ ഓഫീസർ ഡോ.കിരൺ മാനസികാരോഗ്യത്തെ സംബന്ധിച്ചും, ഡോ. മനു കാലാവസ്ഥ വ്യതിയാനങ്ങൾ എന്ന വിഷയത്തിലും ഇടുക്കി പാലിയേറ്റീവ് ജില്ലാ കോഡിനേറ്റർ സിജോ പാലിയേറ്റീവ് പരിചരണത്തെക്കുറിച്ച് ക്ലാസുകളെടുത്തു. പ്രശസ്ത മജീഷ്യൻ പ്രൊഫ. ഗോപിനാഥ് മുതുകാടിന്റെ സാന്നിധ്യം ശില്പശാലക്ക് മികവേകി.

ബ്ലോക്ക് തല ഹെൽത്ത്മേള

## 11 ബ്ലോക്കുകളിലും മേള സംഘടിപ്പിച്ച് കോട്ടയം ജില്ല

കോട്ടയം: ജില്ലയിലെ ബ്ലോക്ക്തല ഹെൽത്ത് മേള പൂർത്തിയായി. വിവിധ ആരോഗ്യ സേവനങ്ങൾ ഒരേ സമയം ഒരു കുടക്കീഴിൽ അണി നിരത്തിയ ഹെൽത്ത് മേള ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ആരോഗ്യവകുപ്പ് സംഘടിപ്പിച്ച ബ്ലോക്ക്തല ഹെൽത്ത മേള ജില്ലയിലെ 11 ബ്ലോക്കുകളിലും പൂർത്തീകരിച്ചതിലൂടെ സംസ്ഥാനത്ത് ഈ നേട്ടം കൈവരിക്കുന്ന ആദ്യ ജില്ലയായി കോട്ടയം മാറി.

മേളകളിൽ അലോപ്പതിക്കു പുറമെ ആയുർവേദ ഹോമിയോ വകുപ്പുകളുടെ ചികിത്സാ സ്റ്റാളുകളും ഒരുക്കിയിരുന്നു. പതിനൊന്നു മേളകളിലായി 12768 പേർ ചികിത്സ നേടി. 127 പേർ ടെലിമെഡിസിനിലൂടെ സ്പെഷ്യലിസ്റ്റ് ചികിത്സയും നേടി. 3181 പേർ പ്രമേഹം, 2948 പേർ രക്താതിമർദ്ദം തുടങ്ങിയ രോഗങ്ങൾക്കും ചികിത്സ നേടി. 1252 പേർക്ക് കണ്ണ്, തിമിരം എന്നിവയുടെ പരിശോധനയും നടത്തി. രക്ത പരിശോധനയിൽ നാല് ഗർഭിണികളിൽ മഞ്ഞപ്പിത്തം-ബി കണ്ടെത്തി. 823 പേരെ ക്ഷയരോഗം, 161 പേരെ വായിലെ ക്യാൻസർ എന്നിവയ്ക്കായി സ്ക്രീനിംഗ് നടത്തി. എല്ലാ മേളകളിലും യോഗ ക്ലാസുകളും സംഘടിപ്പിച്ചിരുന്നു. 522 പേർക്ക് പ്രത്യേക ആരോഗ്യ ഐഡന്റിറ്റി കാർഡ് (യു.എച്ച്.ഐ.ഡി) മേളകളിൽ വിതരണം ചെയ്തു. സ്റ്റാളുകളിൽ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം, വിളർച്ച, ഗർഭനിരോധനം, പ്രതിരോധകുത്തിവെപ്പ്, പകർച്ചവ്യാധികൾ ജീവിതശൈലി രോഗങ്ങൾ തുടങ്ങിയവയുടെ പ്രദർശനവും ഒരുക്കിയിരുന്നു. ആയുഷ്മാൻ ഭാരത്, കാരുണ്യ തുടങ്ങിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ സംശയനിവാരണത്തിനായി പ്രത്യേക സ്റ്റാളും ഒരുക്കിയിരുന്നു. ഏഴ് ബ്ലോക്കുകളിൽ നടന്ന മേളയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ മൊബൈൽ ടെസ്റ്റിംഗ് ലാബുപയോഗിച്ച് വെള്ളം, പാൽ, എണ്ണ, മീൻ തുടങ്ങിയ ഉൽപന്നങ്ങളിലെ മായം കണ്ടെത്താനുള്ള പരിശോധനകളും നടന്നു.

ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഏകാരോഗ്യം പദ്ധതിയുടെ ബ്ലോക്ക്തല ഉദ്ഘാടനവും മേളയുടെ ഭാഗമായി നടന്നു.

സ്റ്റാളുകളിൽ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം, വിളർച്ച, ഗർഭനിരോധനം പ്രതിരോധകുത്തിവെപ്പ്, പകർച്ചവ്യാധികൾ ജീവിതശൈലി രോഗങ്ങൾ തുടങ്ങിയവയുടെ പ്രദർശനം ഒരുക്കിയിരുന്നു.

കൂടാതെ ആയുഷ്മാൻ ഭാരത്, കാരുണ്യ തുടങ്ങി ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ സംശയനിവാരണത്തിനുള്ള പ്രത്യേക സ്റ്റാളും ഒരുക്കിയിരുന്നു.



കോട്ടയത്ത് നടന്ന ഹെൽത്ത് മേള സഹകരണവകുപ്പ് മന്ത്രി വി എൻ വാസവൻ ഉദ്ഘാടനം ചെയ്യുന്നു

## ഇടുക്കിയുടെ അഭിമാനമായി കാഞ്ചിയാർ കുടുംബാരോഗ്യ കേന്ദ്രം




ഇടുക്കി: കാഞ്ചിയാർ കുടുംബാരോഗ്യത്തിന് രോഗികൾക്ക് നൽകി വരുന്ന ചികിത്സയുടെ കാര്യത്തിലും സേവനങ്ങളുടെ കാര്യത്തിലും ഒരിത്തിരി പോലും വിട്ടുവീഴ്ച ഇല്ല. രണ്ടാമത്തെ തവണയും ദേശീയ തലത്തിൽ നടക്കുന്ന നാഷണൽ ക്വാളിറ്റി അഷ്വറൻസ് അംഗീകാരം നേടി ജില്ലക്ക് അഭിമാനമാവുകയാണീ കുടുംബാരോഗ്യ കേന്ദ്രം.

രോഗികൾക്ക് നൽകുന്ന സേവനങ്ങൾ, അവകാശങ്ങൾ, സുരക്ഷ, സ്വകാര്യത, ദേശീയ സുരക്ഷ പദ്ധതികളുടെ നടത്തിപ്പ്, ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ- ആന്തരഘടന, ചികിത്സാ രംഗത്ത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത, മരുന്നുകളുടെയും ചികിത്സാ ഉപകരണങ്ങളുടെയും ലഭ്യത, മാലിന്യ സംസ്കരണം, തുടങ്ങി ആരോഗ്യ മേഖലയിൽ ഒരു സ്ഥാപനം നടപ്പിലാക്കേണ്ട വിവിധ ആരോഗ്യ പദ്ധതികളുടെ അവലോകനം എന്നിവ പരിശോധിച്ചാണ് ഈ അംഗീകാരം നൽകി വരുന്നത്. 98 ശതമാനം മാർക്കോടെയാണ് കാഞ്ചിയാർ കുടുബാരോഗ്യകേന്ദ്രം ഈ അംഗീകാരം സ്വന്തമാക്കിയത്.

കാഞ്ചിയാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രീ ചെക്ക്- പോസ്റ്റ് ചെക്കപ്പ് സൗകര്യം, ഒ.പി സംവിധാനങ്ങളോടൊപ്പം നൂതനമായ ഇ-ഹെൽത്ത് സംവിധാനം, മികച്ച ഐ.ഇ.സി കോർണർ, മുലയൂട്ടൽ മുറി, രോഗികൾക്കും ജീവനക്കാർക്കും മികച്ച അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിശാലമായ പാർക്കിംഗ്, ഹെർബൽ ഗാർഡൻ, പൂന്തോട്ടം, വൃത്തിയുള്ള ശുചി മുറികൾ, വിശാലമായ കാത്തിരിപ്പ് കേന്ദ്രം, ആരോഗ്യ വകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ബോധവൽകരണ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഉത്തരവാദിത്വ പൂർണ്ണമായ പെരുമാറ്റവും കേന്ദ്രം ഉറപ്പുവരുത്തുന്നു.



ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം), ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം) തദ്ദേശ സ്വയം ഭരണ സ്ഥാപനം, ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ് കാഞ്ചിയാർ ഈ അംഗീകാരം നേടിയത്.

**പത്രാധിപ സമിതി**

ചീഫ് എഡിറ്റർ
**ഡോ. രത്തൻ യു ഖേൽക്കർ ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കസൽട്ടന്റ്, ബി സി സി

അസി. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
ജെ.സി(ഡിടസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ.സി(ഡിടസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**വി കെ വർഷ**
ജെ.സി(ഡിടസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**ധ്വനി പ്രിയൻ**
കൺസൽട്ടന്റ്(ഡിടസി), തൃശൂർ
**വിനു എ**
കൺസൽട്ടന്റ് (ഡിടസി), എറണാകുളം
**വിനീഷ് സി ആർ**
കൺസൽട്ടന്റ് (ഡിടസി), കോട്ടയം
**ജിജിൽ മാത്യു**
ജെ.സി(ഡിടസി), ഇടുക്കി
**പ്രീത എം**
ജെ.സി(ഡിടസി), പാലക്കാട്
**ദിവ്യ**
കൺസൽട്ടന്റ് (ഡിടസി), കോഴിക്കോട്
**ദിവ്യ ഇ ആർ**
ജെ.സി(ഡിടസി), മലപ്പുറം
**നിജിൽ**
ജെ.സി(ഡിടസി), വയനാട്
**ബിൻസി രവീന്ദ്രൻ**
ജെ.സി(ഡിടസി), കണ്ണൂർ
**കമൽ കെ ജോസ്**
ജെ.സി(ഡിടസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്

കലാലയങ്ങൾ പുകയിലരഹിതമാവട്ടെ

# 'പുകയിലരഹിതം എന്റെ കലാലയം' ക്യാമ്പയിന് തുടക്കം



പുകയില രഹിതം എന്റെ കലാലയം ക്യാമ്പയിന്റെ ലോഗോ പ്രകാശനം ജില്ലാ പോലീസ് മേധാവി കാർത്തിക് കെ നിർവ്വഹിക്കുന്നു

എറണാകുളം: കലാലയങ്ങളെ പുകയില വിമുക്തമാക്കുന്നതിനായി 'പുകയിലരഹിതം എന്റെ കലാലയം' ക്യാമ്പയിന് ജില്ലയിൽ തുടക്കമായി. ഈ വർഷത്തെ ലോകപുകയില രഹിത ദിനാചരണത്തിന്റെയും ലോക പരിസ്ഥിതി ദിനാചരണത്തിന്റെയും സന്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ആരോഗ്യവകുപ്പ് ക്യാമ്പയിന് രൂപം നൽകിയിരിക്കുന്നത്. ജില്ലയിലെ 19 കോളേജുകളിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

'ഒരേ ഒരു ഭൂമി-സുസ്ഥിര ജീവിതത്തിനായി പ്രകൃതിയുമായി ഐക്യപ്പെടാം' എന്നതാണ് ഈ വർഷത്തെ ലോക പരിസ്ഥിതി ദിന സന്ദേശം. പുകയിലയുടെ ഉപയോഗവും പുകയില ഉൽപന്ന വ്യവസായങ്ങളും പരിസ്ഥിതിക്ക് വലിയ ആഘാതം സൃഷ്ടിക്കുന്നുണ്ട്. കൊവിഡ് 19 പകർച്ചവ്യാധിയുടെ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ പുകവലി വളരെ ഗുരുതരമായ രോഗാവസ്ഥക്കും കാരണമാകുന്നു. പുകയില കൃഷി ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. പുകയില ഉപയോഗത്തിന്റെ പാരിസ്ഥിതിക ആരോഗ്യ സാമ്പത്തിക പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കോളേജ് വിദ്യാർഥികളെ ക്യാമ്പയിന്റെ ഭാഗമാക്കുന്നത്.

ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ വെച്ച് നടന്ന ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ പോലീസ് മേധാവി കാർത്തിക് കെ നിർവഹിച്ചു. പുകയില രഹിതം എന്റെ കലാലയം ക്യാമ്പയിന്റെ ലോഗോയുടെ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. എക്സിബിഷൻ, ഫ്ലാഷ് മോബ്, കലാപരിപാടികൾ, സെമിനാർ, വൃക്ഷതൈ നടീൽ, പുകയില വിരുദ്ധഹസ്തമുദ്ര സമർപ്പണം എന്നീ പരിപാടികളും ഇതിന്റെ ഭാഗമായി നടന്നു.

# ഫിസിയോ തെറാപ്പി സെന്റർ പ്രവർത്തനമാരംഭിച്ചു

പാലക്കാട്: ജില്ലയിലെ ആദ്യ വയോജന സൗഹൃദ ഫിസിയോതെറാപ്പിസ്റ്റ് സെന്റർ അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തനമാരംഭിച്ചു. അത്യാധുനിക ഉപകരണങ്ങൾ സജ്ജീകരിച്ച് വയോജനങ്ങൾക്ക് ഏറെ സഹായകരമാവുന്ന രീതിയിലാണ് സെന്റർ പ്രവർത്തനക്ഷമമാക്കിയിരിക്കുന്നത്.

ഇത്തരത്തിലുള്ള പാലക്കാട് ജില്ലയിലെ ആദ്യത്തെ സ്ഥാപനമാണ് ഇത്. രോഗിക്ക് പ്രത്യേകിച്ച് മരുന്നുകളൊന്നും നൽകാതെ പൂർണ്ണമായും വ്യായാമ മുറകളിലൂടെ ആരോഗ്യം വീണ്ടെടുക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അട്ടപ്പാടിയിലുള്ള വയോജനങ്ങൾക്ക് ഏറെ ഗുണകരമാവുന്ന പദ്ധതിയാണിത്. പ്രത്യേക പരിഗണന ആവശ്യമായ അട്ടപ്പാടിയിലെ ജനങ്ങൾക്ക് വയോജന സൗഹൃദപരമായ ഫിസിയോ തെറാപ്പി സെൻറർ ഏറെ ഗുണം ചെയ്യുമെന്ന് ആശുപത്രി സൂപ്രണ്ട് പറഞ്ഞു. നാഷണൽ ഹെൽത്ത് മിഷനു കീഴിൽ വയോജനാരോഗ്യ പരിചരണ ദേശീയ പരിപാടി പ്രകാരം ലഭ്യമായ ഫണ്ട് വിനിയോഗിച്ചാണ് ആധുനിക ഉപകാരണങ്ങളോടെ സെന്റർ സജ്ജമാക്കിയിരിക്കുന്നത്. ട്രെഡ്മിൽ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇതിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്.

അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വ്യാഴം, വെള്ളി ദിവസങ്ങളിൽ ആണ് സെൻറർ ൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാവുക. ദിവസം ശരാശരി 10 പേർ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

# പുകയില വിരുദ്ധ ദിനം: മത്സരവിജയികളെ പ്രഖ്യാപിച്ചു

തിരുവനന്തപുരം: ലോക പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച മത്സരങ്ങളുടെ വിജയികളെ പ്രഖ്യാപിച്ചു. വിദ്യാർഥികളെയും യുവാക്കളെയും പൊതുജനങ്ങളെയും കാമ്പയിന്റെ ഭാഗമാക്കുന്നതിനായി വിവിധ മത്സരങ്ങളാണ് ഈ വർഷം സംഘടിപ്പിച്ചത്.

പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച ഡിജിറ്റൽ പോസ്റ്റർ മത്സരത്തിൽ മലപ്പുറം സ്വദേശി കെ പി ഫവാസ് ഒന്നാം സ്ഥാനം നേടി. കൊല്ലം സ്വദേശി വി എസ് ശ്രീഹരി രണ്ടാം സ്ഥാനവും കാസർഗോഡ് സ്വദേശി സി സാവിത്രി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

റീൽ മത്സരത്തിൽ എറണാകുളം സ്വദേശി ഡാനി കെ ഡാനിയേൽ ഒന്നാം സ്ഥാനം നേടി. തൃശൂർ സ്വദേശി എ എസ് രജിത് രണ്ടാം സ്ഥാനവും പത്തനംതിട്ട സ്വദേശി എസ് ആദ്രിക മൂന്നാം സ്ഥാനവും നേടി.

ഹൈസ്കൂൾ വിഭാഗം വിദ്യാർഥികൾക്കായി നടത്തിയ ഉപന്യാസരചന മത്സരത്തിൽ പത്തനംതിട്ട സ്വദേശി നസീഫ നവാസ് ഒന്നാം സ്ഥാനം നേടി. എറണാകുളം സ്വദേശി മാളവിക മുരളി രണ്ടാം സ്ഥാനവും പാലക്കാട് സ്വദേശി സി ആർ സൈന്തവി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹയർ സെക്കണ്ടറി വിഭാഗത്തിൽ വയനാട് സ്വദേശി റിൻഷ തെസ്നീം ഒന്നാം സ്ഥാനം നേടി. തൃശൂർ സ്വദേശി പി എം അൽന രണ്ടാം സ്ഥാനവും കണ്ണൂർ സ്വദേശി ഇ എം മുഹമ്മദ് ഷിഫാൻ മൂന്നാം സ്ഥാനവും നേടി.

# ജനശ്രദ്ധ നേടി ആശാപ്രവർത്തകരുടെ 'മീനാക്ഷിയമ്മയുടെ മൊബൈൽ ഫോൺ'



തൃശ്ശൂർ: മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ പ്രാധാന്യവും പൊതുജനങ്ങളുടെ ഉത്തരവാദിത്തവും ഓർമിപ്പിക്കാൻ ആശാപ്രവർത്തകരുടെ നേതൃത്വത്തിൽ മീനാക്ഷിയമ്മയുടെ മൊബൈൽ ഫോൺ എന്ന ലഘുനാടകം അരങ്ങേറി. ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ബോധവത്ക്കരണകലാജാഥ ഉണർവ്വിന്റെ വേദിയിലാണ് മീനാക്ഷിയമ്മയുടെ മൊബൈൽ ഫോൺ അരങ്ങേറിയത്.

വരവൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ആശാ പ്രവർത്തകരുടെ നേതൃത്വത്തിൽ മുൻവർഷങ്ങളിൽ വിവിധ വിഷയങ്ങളിൽ ലഘുനാടകം അവതരിപ്പിച്ചിരുന്നു. ഇതിൽ നിന്നും പ്രചോദനമുൾക്കൊണ്ടാണ് 'മീനാക്ഷിയമ്മയുടെ മൊബൈൽഫോൺ' ലഘുനാടകം നടത്താൻ തീരുമാനിച്ചത്. രചന ആശാപ്രവർത്തകർ തന്നെയാണ് നിർവ്വഹിച്ചത്.

നർമ്മം കലർത്തി നാടൻ ശൈലിയിലാണ് നാടകം അവതരിപ്പിച്ചത്. അമ്മായിഅമ്മയും, മരുമകളും വഴക്കിടുന്ന ഒരു കുടുംബത്തിലേക്ക് മഴക്കാലപൂർവ്വശുചീകരണത്തെ കുറിച്ച് ബോധവത്ക്കരണം നടത്തുവാൻ ആശാപ്രവർത്തകരും കുടുബശ്രീ പ്രവർത്തകയും വരുന്നതുമായി ബന്ധപ്പെട്ടുള്ള സംഭവങ്ങളിലൂടെയാണ് നാടകം മുന്നോട്ട് പോവുന്നത്. പരിസര ശുചീകരണം, കൊതുക് നിവാരണം, കിണർ ക്ലോറിനേഷൻ, ആഹാരപദാർത്ഥങ്ങളുടെ ഉപയോഗം, സ്വയം ചികിത്സയുടെ ദോഷഫലങ്ങൾ, ഒ.ആർ. എസിന്റെ പ്രാധാന്യം, എലിപ്പനി പ്രതിരോധത്തിനായി ഡോക്സി സൈക്ലിൻ കഴിക്കുന്നതിന്റെ ആവശ്യകത തുടങ്ങിവ ലഘുനാടകം ചർച്ച ചെയ്യുന്നു.

# ടൈപ്പ് വൺ പ്രമേഹം കുട്ടികൾക്കും കൗമാരക്കാർക്കുമായി ആരോഗ്യ വകുപ്പിന്റെ മിഠായി പദ്ധതി

കാസർഗോഡ്: കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ആരോഗ്യ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, വനിത ശിശു വികസന വകുപ്പ് എന്നിവരുടെ സഹകരണത്തോടെ നടപ്പാക്കുന്ന മിഠായി ക്ലിനിക് പ്രവർത്തനം ആരംഭിച്ചു. ടൈപ്പ് വൺ പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര ആരോഗ്യ പരിരക്ഷ നൽകുന്ന പദ്ധതിയാണ് മിഠായി.

മിഠായി സാറ്റലൈറ്റ് സെന്റർ വഴി ടൈപ്പ് വൺ പ്രമേഹം ബാധിച്ച 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഇൻസുലിൻ വിതരണം, കൗൺസിലിംഗ്, മറ്റ് ചികിത്സകൾ, മാതാപിതാക്കൾക്കുള്ള പരിശീലന പരിപാടി തുടങ്ങിയ സേവനങ്ങൾ ക്ലിനിക്കിൽ ലഭ്യമാക്കും. ജില്ലാ ആശുപത്രിയിൽ എല്ലാ രണ്ടാമത്തെയും നാലാമത്തെയും ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ 1 മണി വരെ ക്ലിനിക്ക് പ്രവർത്തിക്കും. ജില്ലയിൽ അറുപതോളം കുട്ടികൾ ടൈപ്പ് വൺ പ്രമേഹം ബാധിതർ ആയിട്ടുണ്ട്. ഇവർക്ക് ഇൻസുലിൻ, ഇൻസുലിൻ സിറിഞ്ച്, വീട്ടിൽ ഉപയോഗിക്കാൻ കഴിയുന്ന ഇൻസുലിൻ പെൻ, ഗ്ലൂക്കോസ് സ്ട്രിപ്പ് എന്നിവ സൗജന്യമായി നൽകും. ഒരാൾക്ക് ദിവസം 4 ഗ്ലൂക്കോസ് സ്ട്രിപ്പ് എങ്കിലും വേണ്ടി വരും. കുട്ടികൾക്ക് ഗ്ലൂക്കോസ് പരിശോധന, കണ്ണ് പരിശോധന, രക്ത പരിശോധന, ഭക്ഷണം സംബന്ധിച്ച നിർദ്ദേശം തുടങ്ങിയവയും ക്ലിനിക്ക് വഴി ലഭിക്കും.

മിഠായി ക്ലിനിക്കിൽ പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

